# 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റ് (2012-ലെ 14-ാം ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2023 മേയ് 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റിലെ (2012-ലെ 14-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(എ) നിലവിലുള്ള വ്യവസ്ഥ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതാണ് ;

(ബി) അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിൽ,—

(i) ഇനം (iv)-ൽ "നഴ്സിംഗ് വിദ്യാർത്ഥികൾ;" എന്ന വാക്കുകൾക്കും ചിഹ്നത്തിനും പകരം "നഴ്സിംഗ് വിദ്യാർത്ഥികളും പാരാമെഡിക്കൽ വിദ്യാർത്ഥികളും;" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ് ;

(ii) ഇനം (v)-നു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(v) ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ളതും ജോലി ചെയ്തുവരുന്നതുമായ പാരാമെഡിക്കൽ ജീവനക്കാർ, സുരക്ഷാ ജീവനക്കാർ, മാനേജീരിയൽ സ്റ്റാഫ് , മിനിസ്റ്റീരിയൽ സ്റ്റാഫ്, ആംബുലൻസ് ഡ്രൈവർമാരും ഹെൽപ്പർമാരും ; കൂടാതെ" ;

(iii) ഇനം (v)-നു ശേഷം താഴെപ്പറയുന്ന ഇനം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(vi) കാലാകാലങ്ങളിൽ സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന മറ്റേതൊരു വ്യക്തിയും." ;

(സി) (സി) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(സിഎ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;" ;

(ഡി) (1)-ാം ഉപവകുപ്പിനു ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(2) ഈ ആക്റ്റിൽ ഉപയോഗിക്കുകയും എന്നാൽ നിർവ്വചിക്കാതിരിക്കുകയും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലോ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലോ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) നിർവ്വചിക്കുകയും ചെയ്തിട്ടുള്ള വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും, അതത് സംഗതിപോലെ, പ്രസ്തുത സംഹിതകളിൽ അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.".

3. <u>4-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിന്റെ 4-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഏതൊരാളും,—

(i) 2-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ (ഇ) ഇനത്തിൽ നിർവ്വചിച്ചിട്ടുള്ള ഒരു അക്രമപ്രവർത്തനം ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ പ്രേരിപ്പിക്കുകയോ പ്രചോദനം നൽകുകയോ ആണെങ്കിൽ കുറ്റസ്ഥാപനത്തിന്മേൽ ആറ് മാസത്തിൽ കുറയാതെയും എന്നാൽ അഞ്ച് വർഷം വരെയാകാവുന്നതുമായ തടവിനും അമ്പതിനായിരം രൂപയിൽ കുറയാതെയും എന്നാൽ രണ്ട് ലക്ഷം രൂപ വരെയാകാവുന്നതുമായ പിഴയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ് ;

(ii) ആരോഗ്യരക്ഷാ സേവന പ്രവർത്തകനെതിരെ ഒരു അക്രമപ്രവർത്തനം ചെയ്യുമ്പോൾ 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ 320-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള കഠിനമായ ദേഹോപദ്രവത്തിന് അദ്ദേഹത്തെ വിധേയനാക്കുകയാണെങ്കിൽ, കുറ്റസ്ഥാപനത്തിന്മേൽ ഒരു വർഷത്തിൽ കുറയാതെയും എന്നാൽ ഏഴ് വർഷം വരെയാകാവുന്നതുമായ തടവിനും ഒരു ലക്ഷം രൂപയിൽ കുറയാതെയും എന്നാൽ അഞ്ച് ലക്ഷം രൂപവരെയാകാവുന്നതുമായ പിഴയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ്.";

(ബി) (2)-ാം ഉപവകുപ്പിൽ "ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിന് " എന്ന വാക്കുകൾക്ക് പകരം "ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിനോ ആരോഗ്യരക്ഷാ സേവന പ്രവർത്തകനോ, അതത് സംഗതിപോലെ," എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ് ;

(സി) (4)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) (1)-ാം ഉപവകുപ്പിലെ ഏതൊരു കുറ്റവും കൊഗ്നൈസബിളും ജാമ്യം അനുവദിക്കാൻ പാടില്ലാത്തതും ആകുന്നു.".

4. 4 എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.— പ്രധാന ആക്റ്റിന്റെ 4-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"4 എ. അന്വേഷണം മുതലായവ സത്വരമായി പൂർത്തീകരിക്കണമെന്ന്.—1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(i) ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ഏതൊരു കേസും ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഓഫീസർ അന്വേഷിക്കേണ്ടതും അങ്ങനെയുള്ള കേസുകളുടെ അന്വേഷണം പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യുന്ന തീയതി മുതൽ അറുപതു ദിവസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ് ;

(ii) ഈ ആക്റ്റിൻ കീഴിലുള്ള ഏതൊരു കേസിന്റേയും അന്വേഷണ വിചാരണയിലോ വിചാരണയിലോ നടപടിക്രമങ്ങൾ കഴിയുന്നതും വേഗത്തിൽ നടത്തേണ്ടതും പ്രത്യേകിച്ചും സാക്ഷികളുടെ വിസ്താരം ആരംഭിച്ചാൽ, അത് തുടർന്നുള്ള ദിവസങ്ങൾക്കപ്പുറത്തേക്ക് മാറ്റിവയ്ക്കേണ്ടത് ആവശ്യമാണെന്ന് രേഖപ്പെടുത്തിയ കാരണങ്ങളാൽ കോടതിക്ക് ബോദ്ധ്യപ്പെടാത്തപക്ഷം, ഹാജരായ എല്ലാ സാക്ഷികളെയും വിസ്തരിക്കുന്നതുവരെ അത് ദിനംപ്രതി തുടരേണ്ടതും അന്വേഷണവിചാരണയും വിചാരണയും ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള പരിശ്രമം നടത്തേണ്ടതുമാണ് :

എന്നാൽ പ്രസ്തുത സമയത്തിനുള്ളിൽ വിചാരണ പൂർത്തീകരിക്കാത്ത സംഗതിയിൽ അപ്രകാരം പൂർത്തീകരിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ കോടതി രേഖപ്പെടുത്തേണ്ടതാണ് :

എന്നുമാത്രമല്ല അപ്രകാരമുള്ള സമയപരിധി, എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ, അങ്ങനെയുള്ള അധികസമയത്തേക്ക് ദീർഘിപ്പിക്കാവുന്നതും എന്നാൽ ഒരു സമയം അത് ആറ് മാസത്തിൽ കൂടുതൽ ദീർഘിപ്പിക്കാൻ പാടില്ലാത്തതുമാണ്.

(iii) സത്വരമായ വിചാരണ ഏർപ്പെടുത്തുന്ന ആവശ്യത്തിലേയ്ക്ക് സംസ്ഥാന സർക്കാർ ഹൈക്കോടതിയുടെ സമ്മതത്തോടുകൂടി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി ഈ ആക്റ്റിൻ കീഴിലുള്ള കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിന് ഓരോ ജില്ലയിലേയ്ക്കും ഒരു സെഷൻസ് കോടതിയെ സ്പെഷ്യൽ കോടതിയായി നിയോഗിക്കേണ്ടതാണ് ;

(iv) സംസ്ഥാന സർക്കാരിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി ഓരോ സ്പെഷ്യൽ കോടതിയിലേയ്ക്കും പ്രസ്തുത കോടതിയിലെ കേസുകളുടെ നടത്തിപ്പിനായി സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയോഗിക്കാവുന്നതാണ്.".

5. <u>7-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിന്റെ 7-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് (3)-ാം ഉപവകുപ്പായി പുനരക്കം ചെയ്യേണ്ടതും അപ്രകാരം പുനരക്കം ചെയ്ത ഉപവകുപ്പിനു മുമ്പ് താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതുമാണ്, അതായത്:—

" (2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) ആവശ്യമായ സുരക്ഷാ ഉദ്യോഗസ്ഥർ മുതലായവരെ നിയോഗിക്കൽ ;

(ബി) സി.സി.ടി.വി. ക്യാമറ, മറ്റ് സുരക്ഷാ സാമഗ്രികൾ/ഉപകരണങ്ങൾ സ്ഥാപിക്കൽ ;

(സി) കൺട്രോൾ റൂമുകൾ, അലാറം സംവിധാനങ്ങൾ മുതലായവ ഏർപ്പെടുത്തൽ ;

(ഡി) തല്പരകക്ഷികളെ അറിയിക്കേണ്ട പ്രധാനപ്പെട്ട വിവരങ്ങൾ പ്രദർശിപ്പിക്കൽ ;

(ഇ) ആരോഗ്യരക്ഷാ സ്ഥാപനവുമായി ബന്ധപ്പെട്ട് ആരോഗ്യരക്ഷാ സേവന പ്രവർത്തകർ എപ്രകാരം സംരക്ഷിക്കപ്പെടണമെന്നതും പെരുമാറണമെന്നതും സംബന്ധിച്ച പ്രോട്ടോക്കോളുകൾ തയ്യാറാക്കൽ ; കൂടാതെ

(എഫ്) ആക്റ്റിനു കീഴിൽ നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതൊരു കാര്യവും.".

6. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ഓർഡിനൻസ് (2023-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

---